(എഫ്) പെൻഷൻ പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക, പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും സമഗ്ര ചികിത്സാ പദ്ധതി നടപ്പിലാക്കുക, മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുക, പെൻഷൻകാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക, ഒരു മാസത്തെ പെൻഷൻ ഉത്സവബത്ത നൽകുക, പെൻഷൻ നിയമം ലളിതമാക്കുക, പെൻഷൻ/ഫാമിലി പെൻഷൻ ജീവിതകാല കുടിശ്ശിക വാങ്ങുന്നതിന് അവകാശികളെ നിശ്ചയിക്കാൻ അനുവദിക്കുക, സംഘടനകളുമായി ആലോചിച്ച് ഒരു സമഗ്ര പെൻഷൻ നയം ആവിഷ്ക്കരിക്കുക തുടങ്ങിയവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(ജി) അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന മെഡിക്കൽ അലവൻസ് വർദ്ധന, ക്ഷേമനിധി രൂപീകരണം, ഉത്സവബത്ത വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്. അതേസമയം തന്നെ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ ഒരു മെഡിക്കൽ സ്കീം പെൻഷൻകാർക്ക് നടപ്പാക്കാൻ സാധിക്കുമോ എന്നകാര്യം സർക്കാർ ആലോചിച്ചു വരുന്നു. ഇക്കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനികളുമായി കത്തിടപാട് നടത്തിവരുന്നു. പെൻഷൻകാരുടെ ജീവിതകാല കുടിശ്ശിക നോമിനികൾക്ക് നല്കുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. ഫാമിലി പെൻഷണറുടെ ജീവിതകാല കുടിശ്ശിക നൽകാൻ വ്യക്തമായ വ്യവസ്ഥ സർവീസ് ചട്ടങ്ങളിലില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പെൻഷൻ ചട്ടങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളാ സർവീസ് ചട്ടങ്ങൾ റദ്ദാക്കി പുതിയ നിയമ നിർമ്മാണം നടത്തേണ്ട ആവശ്യമുണ്ടോ എന്നകാര്യം പരിശോധനയിലാണ്.

കേന്ദ്ര സർക്കാർ നൽകിയ തുക

9 (275) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ.കെ.പി.എ മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തിലും വിവിധ പദ്ധതികൾക്കായി ഗ്രാന്റ് ഇനത്തിലും ലോൺ ഇനത്തിലും കേന്ദ്രം എന്തുതുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രതുക വീതം ഓരോ പദ്ധതിയിലും ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ എത്രതുക ചെലവഴിക്കാതിരിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാന്റ് ഇനത്തിലും ലോൺ ഇനത്തിലും അനുവദിച്ച തുക ഇപ്രകാരമാണ്.

വർഷം	ഗ്രാന്റ് (കോടി രൂപ)	ലോൺ (കോടി രൂപ)

LIBRARY ARCHIVES Kerala Legislative Assembly

1996-97	447.74	539.94
1997-98	415.70	567.15
1998-99	517.83	869.59

(ബി) ചെലവ് ഓരോ പദ്ധതിക്കും മൊത്തത്തിലാണ് കണക്കാക്കുന്നത്. അല്ലാതെ ഓരോ വർഷവും കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഗ്രാന്റും ലോണും എത്ര വീതം ഓരോ പദ്ധതിക്കും ചെലവാക്കുന്നു എന്ന് പ്രത്യേകം കണക്കാക്കാറില്ല.

(സി) ചോദ്യം 'ബി' യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

10 (276)ശ്രീ. പി.ജെ. ജോയി :

ശ്രീ. ജോർജ്ജ്. ജെ. മാത്യു :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള കടബാദ്ധ്യതയെത്രയാണ്: ഇതിന്റെ പലിശ എത്ര വരും;

(ബി) സംസ്ഥാനത്ത് പി.ഡി. അക്കൗണ്ടിൽ എത്ര തുകയുണ്ട്;

(സി) സംസ്ഥാനത്തിന്റെ കടം, ഇതിനുള്ള പലിശ പി.ഡി. അക്കൗണ്ടിലെ ബാദ്ധ്യത എന്നിവ ചേർത്ത് ആളോഹരി കടബാദ്ധ്യത എത്രയെന്ന് അറിയിക്കുമോ;

(ഡി) ഈ ബാദ്ധ്യത കണക്കാക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ ജനസംഖ്യ എത്രയെന്നാണ് കണക്കിലെടുത്തിട്ടുള്ളത്?

ഉത്തരം

(എ) 31.3.99 വരെയുള്ള കട ബാദ്ധ്യത 15700.28 കോടി രൂപയാണ്. പലിശയിനത്തിൽ 1446.12 കോടിരൂപയാണ് 1998-99 സാമ്പത്തിക വർഷത്തിൽ ചെലവായത്.

(ബി) പി.ഡി. അക്കൗണ്ടിൽ 31.3.99 വരെ 214.54 കോടി രൂപ ബാക്കിയുണ്ടായിരുന്നു.

(സി) കടം, പലിശ, പി.ഡി. അക്കൗണ്ടിലെ ബാദ്ധ്യത എന്നിവ ചേർത്ത് ആളോഹരി കടബാദ്ധ്യത 5442.30 രൂപയാണ്.

(ഡി) 1998-99 ൽ ജനസംഖ്യ 3.19 കോടിയായി കണക്കിലെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly